# ഒരു ഗന്ധർവൻ പാടുന്നു

ഡോ: എം. ലീലാവതി

ഗാനത്തിന്റെയും സ്വച്ഛന്ദകാമത്തിന്റെയും പ്രതീകങ്ങളാണ് ഗന്ധർവ്വന്മാർ. ഗന്ധത്തെ അറിയുന്നത് എന്ന് ഗന്ധർവ്വമെന്ന ശബ്ദത്തിന്റെ അവയവാർത്ഥം. കുയിൽ, കുതിര, കസ്തൂരിമാൻ, സൂര്യൻ എന്നെല്ലാം നാനാർത്ഥങ്ങളുണ്ട്. ഗന്ധമറിയുക, പാടുക മുതലായ പ്രക്രിയകൾ വിശേഷബുദ്ധിയില്ലാത്ത തിര്യക്കുകളുടെ ലോകത്തിൽപ്പോലും കാമത്തോടു ബദ്ധമായിരിക്കുന്നു. ഇടശ്ശേരിയുടെ കവിതാസമുച്ചയത്തിൽ കാമവും പ്രേമവും വിഷയമായിട്ടുള്ളവ എണ്ണത്തിൽ ചുരുക്കമാണ്. എങ്കിലും ആ വകുപ്പിൽപ്പെടുന്ന 'വരദാനം', 'ഒരു ഗന്ധർവ്വൻ പാടുന്നു' മുതലായ കവിതകൾ ധ്വനിഭംഗി കൊണ്ടും കാവ്യബിംബകല്പനകൾ കൊണ്ടും ഏറ്റവും ആസ്വാദ്യങ്ങളും പഠനീയങ്ങളുമാണ്. ശക്തിയുടെയും വിപ്ലവത്തിന്റെയും മറ്റും കവിയായി അറിയപ്പെടുന്ന ഇടശ്ശേരിയുടെ വാങ്മയങ്ങൾക്ക് ഒരു നാടൻ കർഷകന്റെ ബാഹ്യമായ പരുക്കത്തരമുണ്ട് പലപ്പോഴും. എന്നാൽ മൃദുസ്വാദുരസാനുവിദ്ധമായ ഉൾക്കാമ്പുണ്ട് അവയ്ക്ക്. 'ഒരു ഗന്ധർവ്വൻ പാടുന്നു' എന്ന കവിതയിൽ വിഷയം കാമമാണ്. അതും നിഷിദ്ധമേഖലയിൽപ്പെട്ടത്. പരമാവധി സംയമവും ആവരണവും ആവശ്യപ്പെടുന്ന ആ ഭാവത്തിന്റെ ധ്വനനത്തിൽ പഞ്ചേന്ദ്രിയാനുഭൂതി ബിംബങ്ങൾ ഉപയോഗിച്ചിരിക്കുന്ന രീതി കസ്തൂരിമാൻ കസ്തൂരിഗന്ധം പ്രസരിപ്പിക്കുന്നതിനെ ഓർമ്മിപ്പിക്കും. കസ്തൂരിമാനിന്റെ കസ്തൂരിപോലെയാണ് ഇടശ്ശേരിക്കവിതയിലെ കാമഭാവവും. ഈ കവിതയിലെ വാങ്മയം ആ ഭാവത്തിന്റെ ഗന്ധം പ്രസരിപ്പിക്കുന്നു. അതോടൊപ്പം കസ്തൂരിപോലെ വിരളമായ നിർവ്യാജപ്രേമമായി അതു ദിവ്യപരിമളം വീശുകയും ചെയ്യുന്നു.

കവിതയിലെ വക്താവിന്റെ ഐന്ദ്രിയാനുഭൂതികൾ വ്യഞ്ജിപ്പിക്കുന്ന കാവ്യബിംബങ്ങളിലൂടെ രംഗവും സംഭവങ്ങളും പൂർവ്വകഥകളുമെല്ലാം ഉരുത്തിരിയുന്നു. ആരാണു വക്താവ്? രണ്ടു വ്യക്തിത്വങ്ങളുടെ ഒരു സംയുക്തമായിട്ടാണയാളെ കാട്ടിത്തരുന്നത്. ഒരു ഗൃഹത്തിൽ എത്തുന്ന അതിഥിയും വീട്ടിന്റെ മുറ്റത്തെ പുളിമാവിൽ ഇരുന്നുകൊണ്ടു പാടുന്നുവെന്നു വിഭ്രാന്തിയുളവാക്കുന്ന ഗന്ധർവ്വനും. ഒരേ വ്യക്തിയുടെ ബാഹ്യവ്യക്തിത്വവും ആന്തരവ്യക്തിത്വവുമാണ്, ഈ അതിഥിസത്തയും ഗന്ധർവ്വസത്തയും. ഭർത്ത്യപരിത്യക്തയായി ഏകാകിനിയായി കഴിയുന്ന ഒരു കുലീനയുടെ ഗൃഹത്തിലെത്തുന്ന പൂർവ്വാരാധകനായ അതിഥിയുടെ വികാരവിചാരങ്ങളാണ് ഈ ഗന്ധർവ്വൻ പാട്ട്. കാലം ഇടവപ്പാതിപ്പാതിര. 'ഇടിയും മഴയും പൊടിപൂരം.' ആതിഥേയ നേരത്തെ പായും തലയണയും ഉമ്മറത്തേക്കു വെച്ചുകൊടുത്ത് അകത്തുനിന്നു വാതിലടച്ചു കഴിഞ്ഞിരിക്കുന്നു. പാതിരയായിട്ടും ഉറക്കം വരാതെ പേമഴയുടെ പാട്ടും താളവും കേട്ടുകൊണ്ടുകിടക്കുന്ന അതിഥിയുടെ ഉൽബണമായ ചിന്തകളും വികാരങ്ങളും, സ്വന്തമാണെന്നു തന്നോടുതന്നെ സമ്മതിക്കാൻപോലും അയാൾക്കാവുന്നില്ല. എല്ലാം അയാൾ ഒരശരീരിഗാനംപോലെ കേൾക്കുന്നു. രാത്രി കടലിരമ്പം കേൾക്കാവുന്ന തീരദേശഗ്രാമത്തിലെ ഒരു പഴയ തറവാടാണു സ്ഥലം. ഗൃഹനായിക യൗവനയുക്തയാണ്. സുന്ദരിയാണ്. ഏകാകിനിയാണ്. സമ്പന്നയാണ്; സ്വച്ഛന്ദചാരിണിയാവാനാണിഷ്ടമെങ്കിൽ അതിന് ആരെയും പേടിക്കേണ്ടാത്തവളാണ്. എന്നിട്ടും ഇവിടെ അതിഥി ഉമ്മറത്ത് ഉറക്കം വരാതെ നെടുവീർപ്പിട്ടും കൊണ്ടു കിടക്കുന്നു. അവളുടെ കദനകഥ അയാൾക്കറിയാം. അതിന്റെ ഓരോരോ ഘട്ടങ്ങൾ അയാളുടെ സ്മരണയിലൂടെയും വിഭാവനത്തിലൂടെയും ചുരുൾ നിവരുന്നത് ഒരു ദ്വിതീയ വ്യക്തിത്വത്തിൽനിന്നു വരുന്ന ആഖ്യാനത്തിലൂടെയെന്നപോലെ അയാൾ കേൾക്കുന്നു. കുറെ ഭാഗം സ്വന്തം സ്മരണകൾ; കുറെ ഭാഗം സങ്കല്പങ്ങൾ.

## സാങ്കല്പികമായ ഐന്ദ്രിയാനുഭൂതി

നിദ്രകൂടാതെ സ്വപ്നം കാണുന്ന ഒരവസ്ഥയാണത്. പാതിരയും കുരിരുട്ടും പൊതിയുമ്പോൾ ഉറങ്ങാത്ത വ്യക്തിയുടെ ചേതസ്സുപോലും ഒരു മയക്കത്തിൽപ്പെട്ടു പോകുന്നു. ഇവിടെയാണെങ്കിൽ പേമഴയുടെ ശൈത്യം, ഇടയ്ക്കിടെയുള്ള ഇടിമുഴക്കം, പുളിമാവിൻമേലും മേൽപ്പുരമേലും മഴത്തുള്ളികൾ പതിക്കുന്നതിന്റെ താളം, മുറുകിയ തന്ത്രി മീട്ടും പോലുള്ള കടലിരമ്പം – എല്ലാം ചേർന്നു വ്യക്തിചേതസ്സിനെ കാമത്തിന്റെ ഗന്ധർവ്വലോകത്തിലേക്കുയർത്തുന്നു. അങ്ങനെയാണ് പുരമുറ്റത്തെ പുളിമാവിൽ നിന്ന് അയാൾ 'ഗന്ധർവ്വൻപാട്ടു' കേൾക്കുന്നത്. ഉമ്മറവാതിൽ അടഞ്ഞുകഴിഞ്ഞപ്പോൾ മഴ പെയ്യാൻ തുടങ്ങിയിരുന്നില്ല. മാനം കനത്തു കറുത്തു വന്നിരുന്നു. അയാളിൽനിന്നു നെടുവീർപ്പുകളുയർന്നു. അകത്തുള്ളവളുടെ

അകത്തെ ഇളക്കുന്ന സന്ദേശം ആ കാറ്റ് അവളുടെ കാതിലോതുമെന്ന പ്രതീക്ഷ വെറുതെയായി. നെടുവീർപ്പ് അന്തരീക്ഷത്തിൽ പൊങ്ങിപ്പൊങ്ങി 'കാർമേഘത്തിനു കനമേറുന്നു'വെന്നയാൾക്കു തോന്നുന്നു.

അപ്പോഴാണു പെട്ടെന്ന് ആലിപ്പഴവർഷം. ആരോ ആഞ്ഞു കല്ലെറിയും പോലെ, ഓടുടയുംപടി 'കടപടെ' അവ വന്നു വീണു. ഒറ്റയ്ക്കു കിടക്കുന്നവളുടെ മനക്കരുത്ത് പൊട്ടിച്ചുകളയാൻ അത് ഉതകും എന്നയാൾ പ്രതീക്ഷിക്കുന്നു. ഇല്ല അപ്പോഴും അനക്കമില്ല.

'ആതിഥേയീ ഹൃദയത്രുടനമ-
തായിരുന്നീലെ,ന്നിട്ടും
പായവിരിച്ചു കിടക്കുമെനിക്കു-
ണ്ടായീ തീക്ഷ്ണമൊരനുതാപം.'

തറവാടിത്തത്തിനിണങ്ങിയ അതിഥിസൽക്കാരത്തിൽ അവൾ ഒട്ടും വിലോപം വരുത്തിയിരുന്നില്ല. വിഭവസമൃദ്ധമായിരുന്നു ഭക്ഷണം. അതിന് അയാൾ മനസാ നന്ദിപറഞ്ഞു. എന്നാൽ ആതിഥ്യം അവിടെ അവസാനിക്കരുതെന്ന് അയാൾ അഭിലഷിച്ചു. അതു വെറുതെയായി. തലയ്ക്കൽ വച്ച വിളക്കിലെ തിരി കത്തിയണഞ്ഞു. അയാളുടെ ആശാനാളവും കെട്ടു. അതിഥിയുടെ 'സങ്കല്പസംഗമസുഖാനുഭവ'ത്തിന്റെ വാച്യമായ വർണ്ണനമൊന്നും കവിതയിലില്ല. എന്നാൽ

'ചുരുൾമുടികൊണ്ടു പുതപ്പിച്ചെന്നെ-
ത്തഴുകീ ശയ്യയിലിരുൾ ഗാഢം'

എന്ന രണ്ടുവരികൊണ്ട് എത്ര വിദഗ്ദ്ധമായി സാങ്കല്പികമായ ഐന്ദ്രീയാനുഭൂതികൾ വ്യഞ്ജിപ്പിച്ചിരിക്കുന്നു! പാതിര, മഴ, ഇടി, മുറ്റത്തെ പുളിമാവ്, കടലിരമ്പം, ഉമ്മറത്തേക്കു വച്ച പായും തലയണയും, അടഞ്ഞവാതിൽ, നെടുവീർപ്പ്, മഴക്കാറ്റ്, ആലിപ്പഴം, തലയ്ക്കൽവച്ച വിളക്ക്, ഗാഢാന്ധകാരം ഇവയാണ് ഒരു ജീവിതരംഗത്തെ മൂർത്തമായി അവതരിപ്പിക്കാൻ ഉപയുക്തമായ വസ്തുക്കളും സാഹചര്യങ്ങളും. ഇവകൊണ്ട് ഒരു വ്യക്തിയുടെ അന്തരംഗത്തിലെ പ്രതീക്ഷകളും, ഇച്ഛാഭംഗങ്ങളും, വീർപ്പുമുട്ടലുകളും, പൊറുതികേടുകളും മാത്രമല്ല, അവയോടൊപ്പമുള്ള ഇന്ദ്രിയാനുഭൂതികളും നമ്മുടേതാക്കിത്തീർക്കാൻ ഐന്ദ്രജാലികമായ വിദ്യകൾ കവി പ്രയോഗിച്ചിരിക്കുന്നു. ഇടിവെട്ടും തകർത്തുപെയ്യുന്ന മഴയുമുള്ള ഒരിടവപ്പാതിരയ്ക്ക് ഉമ്മറത്തു പായിൽ ചുരുണ്ടുകൂടുന്ന ഒരാൾ അനുഭവിക്കുന്ന ശാരീരികമായ തണുപ്പും വിറയലും അതോടൊപ്പം അയാളുടെ ഉള്ളിൽ കത്തിപ്പടരുന്ന കാമത്തിന്റെ ഉൾച്ചൂടും ആശകൾ കെട്ടടങ്ങുമ്പോഴുള്ള വേദനയുടെ പുകയും വീർപ്പുമുട്ടലും എല്ലാം നാം അനുഭവിക്കുന്നു. പേമഴ പെയ്യുമ്പോൾ പുളിമാവിന്റെ ചില്ലകളിലും ഇലകളിലും ഒരു സംഗീതമുണരുന്നു. അറബിക്കടലിന്റെ തരംഗങ്ങൾ അതിനനുഗുണമായി ശ്രുതി മീട്ടുന്നു. ഈ ഗാനവും താളവും ശ്രുതിയും ഉള്ളിന്നുള്ളിൽ ഒളിഞ്ഞിരിക്കുന്ന ഗന്ധർവ്വനെ ഉണർത്തുന്നു. സ്വന്തം കാമനകൾ ഒരു ബാഹ്യഗന്ധർവ്വസംഗീതം പോലെ ലയാത്മകമായി പ്രക്ഷേപിക്കപ്പെടുകയാണ്. ഉറങ്ങാത്തവൻ മയക്കത്തിലെന്നപോലെ പാതിരായ്ക്കു കേൾക്കുന്ന ഈ സംഗീതത്തിന്റെ പശ്ചാത്തലം പിന്നീടാണു വ്യക്തമാക്കുന്നത് - ഗൃഹനായിക അതിഥിക്ക് ഉമ്മറത്തു പായ നല്കിയതും, വാതിലടഞ്ഞതും, കടപടെ ആലിപ്പഴം വീണിട്ടും അത് അവളുടെ ഹൃദയത്തെ പിളർക്കാതിരുന്നതും, അകത്തുനിന്ന് ഒച്ചയനക്കങ്ങളില്ലാതിരുന്നതും, നെടുവീർപ്പുകൾ അകത്തേക്കു കടക്കാതെ മാനത്തെ കാറിനു കനം കൂട്ടിയതും മറ്റും. ഈ ക്രമം മാറ്റിമറിച്ചിരുന്നെങ്കിൽ, പശ്ചാത്തലവിവരണത്തിനുശേഷം ഗന്ധർവ്വഗാനം വർണ്ണിച്ചിരുന്നെങ്കിൽ, ഇപ്പോഴുള്ള നാടകീയഭംഗി നഷ്ടപ്പെടുമായിരുന്നു. ഗന്ധർവ്വൻ എന്ന ദ്വിതീയവ്യക്തിത്വത്തിനുള്ള മൂർത്തത കുറഞ്ഞുപോകുമായിരുന്നു.

നിഷിദ്ധമേഖലയിലേക്കു കടക്കുന്ന വികാരവിചാരങ്ങളുടെ സാധാരണീകരണത്തിനും രസനീയതയ്ക്കും ആവശ്യമാണ് ആലംബനവിഭാവമായ ദ്വിതീയവ്യക്തിത്വത്തിന്റെ മൂർത്തിമദ്ഭാവം, വക്താവിന്റെ ഉള്ളിൽ നിന്ന് ആ ഗന്ധർവ്വനെ അടർത്തിയെടുത്തു മുറ്റത്തെ പുളിമാവിൽ പ്രതിഷ്ഠിച്ചതിലെ കലാവിദ്യ രസനീയതയുടെ സാംസ്കാരികതലത്തെക്കുറിച്ചു കല്പിച്ചുകൂട്ടിയല്ലാതെ, നൈസർഗ്ഗികമായിത്തന്നെ അവബോധമുള്ള ഒരു കവിക്കു മാത്രമേ വശഗമാവൂ. വസ്തുഭാവങ്ങൾ ധ്വനിക്കുമ്പോഴൊക്കെ കവിത മഹത്താകുമോ എന്നു ചിലർ ചോദിക്കാറുണ്ട്. അതിനുള്ള ഉത്തരം ഇതുപോലുള്ള കലാവിദ്യയിൽ കാണാം. മാനുഷമാനസഭാവങ്ങൾ ലൗകികമോ. വൈയക്തികാനുഭൂതിതലത്തിൽ ശുദ്ധങ്ങളോ ദുഷ്ടങ്ങളോ ആവാം; അനുകൂല്യങ്ങളോ പ്രതികൂല്യങ്ങളോ ആവാം; ആനന്ദാത്മകങ്ങളോ ദുഃഖാത്മകങ്ങളോ ആവാം. അനുഭവിക്കുന്ന വ്യക്തിക്കു സുഖം നല്കുന്ന വികാരങ്ങൾ പലതും അപരർക്കു ദുഃഖകരങ്ങളാവാം. ഇത്തരത്തിലുള്ള ദ്വന്ദ്വാത്മകതയില്ല കേവലഭാവങ്ങൾ ധ്വനിക്കുമ്പോൾ. സാധാരണീകൃതമാനസംഭവങ്ങൾ, നിർവ്യക്തികമായതു കൊണ്ട് വ്യക്തിയുടെ സംസ്കാരതലത്തെ പ്രതികൂലമായി ബാധിക്കുന്നില്ല.

വ്യക്തിഗതമായ നിയന്ത്രണം വിട്ട കാമം വ്യക്തിയെ അധഃപതിപ്പിക്കും. അതു മഹത്തല്ല. നിർവ്യക്തികമായ രതിഭാവം ധ്വനിക്കുമ്പോൾ അതു രസമായിത്തീരുന്നു. ശുദ്ധമാണ്; ആനന്ദാത്മകമാണ് ആ അനുഭൂതി. വൈയക്തികമായ ലൗകികാനുഭൂതിതലത്തിൽ നിന്നു വികാരങ്ങളെ ഉയർത്താൻ, സാധാരണീകൃതമാക്കാൻ, പ്രയോഗിക്കപ്പെടുന്ന കൗശലമാണ് കവിതയിലെ കലാവിദ്യ. ഇവിടെ ഈ ഗന്ധർവ്വപ്രതിഷ്ഠയിലൂടെയും ബിംബങ്ങളുടെ സവിശേഷസംവിധാനത്തിലൂടെയും കേവലരീതിയിലേക്കു കാമഭാവത്തിനു രാസപരിണാമമുളവാക്കിയിരിക്കുന്നു. ജനനാന്തര സൗഹൃദം പശ്ചാത്തലസംവിധാനത്തിലുള്ള ശില്പസൗന്ദര്യത്തികവുകൊണ്ടു നമ്മെ ഒരു ഗന്ധർവ്വലോകത്തിലേക്കുയർത്തിയതിനുശേഷം ഗന്ധർവ്വഗാനത്തിലൂടെ ഒരു ശോകകഥയുടെ ചുറ്റുകളഴിയുന്നു. ഈ ഗാനം ഒരു കാസ്സെറ്റിൽ നിന്നൊഴുകുന്ന പാട്ടിന്റെ പ്രതീതിയല്ല ഉളവാക്കുന്നത്. തിരിയുന്ന ഫലകത്തിന്റെയും സൂചിയുടെയും മേളത്തിൽനിന്നുയിർക്കുന്ന പാട്ടിന്റെയാണ്. നമ്മുടെ അന്തരംഗം ഒരു കറങ്ങുന്ന ഫലകമാവുകയാണോ, അതിലൊരു കൂർത്ത സൂചി തറയ്ക്കുകയാണോ എന്നു തോന്നിപ്പോകുന്നു;

‘മുറ്റത്തെപ്പുളിമാവിലിരുന്നാ ഗന്ധർവ്വൻ
മധുരമുറക്കെപ്പാടും പാട്ടു
ന്മഥനം ചെയ്വൂ മമ ചിത്തം’

എന്ന തുടക്കത്തിലുള്ള ‘ഉന്മഥന’മെന്ന പദവും ഈദൃശമായ ഒരു ബിംബത്തെയാണുന്മീലനം ചെയ്യുന്നത്. ഇരുട്ടും തണുപ്പും നിറഞ്ഞ നിശീഥത്തിൽ മാവിലകളിൽ വീഴുന്ന മഴയുടെ താളം തെറ്റാത്ത താരാട്ട് ഉറക്കമരുന്നായിപ്പരിണമിക്കുകയാണു പതിവ്. എന്തുകൊണ്ട് ഇന്നിതു കരളിൽ കദനം കോരിച്ചൊരിയുന്നു? ഇവിടെ ശാകുന്തളം അഞ്ചാമങ്കവും ഹംസപദികയുടെ ഗാനവും ഓർമ്മയുടെ ചുഴികളിൽ പൊങ്ങിത്താഴുന്നു.

‘ചേതസ്സിൽ സ്വരമാധുര്യത്തിര
വാരുന്നേരം പിടയുന്നൂ
ക്ഷുദ്രമാട്ടേ, കൗതുകമേകും
ജീവിതഖണ്ഡപ്രതിഭാസം.’

കടൽക്കരയിലിരുന്നു തിരമാലകളുടെ അടിച്ചേറ്റവും പിൻവാങ്ങലും മണൽത്തട്ടിൽ അടിയുന്ന ചെറിയ ജലജീവികളുടെ (കക്കകളും ഞണ്ടുകളും മറ്റും) പിടച്ചിലുകളും കണ്ടിട്ടുള്ളവരുടെ ചിത്തത്തിൽ മാത്രം ഉദിക്കുന്ന ഒരു ഇമേജാണ്, മധുരസംഗീതശ്രവണംകൊണ്ടുളവാകുന്ന പര്യുത്സുകത്വത്തെ വ്യഞ്ജിപ്പിക്കാൻ പ്രയുക്തമായിരിക്കുന്നത്. അടിച്ചുകയറുന്ന തിരയിൽ ആ ചെറുജീവികൾ കരയ്ക്കടിയുന്നു. അത് അവയുടെ ഇച്ഛയ്ക്കതീതമായി സംഭവിക്കുന്നു. അലമാലയിൽപ്പെട്ടു പൊങ്ങുകയും താഴുകയും മൺതിട്ടിലേക്ക് എടുത്തെറിയപ്പെടുകയും ചെയ്യുന്ന അവയ്ക്ക് അസ്തിത്വം സ്വതന്ത്രമോ ഇച്ഛാനുസാരിയോ അല്ല. ഇവിടെ ഈ പാട്ട് ആ തിരമാലകൾ പോലെയാണ്. സ്വരമാധുര്യം തിരമാലയായി ചേതസ്സിൽ ആഞ്ഞടിച്ചു മണ്ണുവാരുന്നു. അപ്പോൾ അവിടേക്കു ചില ജീവതരംഗങ്ങൾ എടുത്തെറിയപ്പെടുന്നു. അവ ലഘുവാകാം; ക്ഷുദ്രമാകാം. അവയുടെ പിടച്ചിൽ ഒരേ സമയം കൗതുകവും അസ്വാസ്ഥ്യവുമുളവാക്കുന്നു. കടലിൽനിന്നടിയുന്ന ചെറുജീവികൾ മണലിൽ ഇഴയുമ്പോൾ ചില അക്ഷരങ്ങളുടെ വടിവിൽ വരകളുളവാകുന്ന ദൃശ്യം ഓർക്കുക. അതുപോലെ ഈ സംഗീതത്തിരയിലൂടെ എറിയപ്പെട്ട ജീവിതഖണ്ഡങ്ങൾ അക്ഷരങ്ങളുടെ, വാക്കുകളുടെ, വടിവുളവാക്കത്തക്കവണ്ണം ഇഴയുന്നു. കാതിലും കരളിലും അസ്വാസ്ഥ്യം പകരുന്നു:

‘അക്ഷരവടിവിലിഴഞ്ഞവ കാതിൽ-
പ്പുക്കുളവാക്കിടുമസ്വാസ്ഥ്യം.’

ഇത് ഉറക്കത്തെ വിറകൊള്ളിക്കുന്നു. ‘സ്വാപത്തിന്നൊരു വേപം ചേർപ്പൂ.’ അതോടൊപ്പം അവ്യക്തമായ അപരാധബോധം ഉണരുന്നു. പണ്ടു ചെയ്ത പാപത്തിന്റെ ഫലമനുഭവിക്കുന്നതുപോലുള്ള അസ്വാസ്ഥ്യം. ശാകുന്തളം അഞ്ചാമങ്കത്തിലെ അവസ്ഥയ്ക്കു സമശീർഷമായ ഒരു സന്ദർഭചിത്രം. ഈ ഗന്ധർവ്വഗാനം വക്തൃഹൃദയത്തിൽ അവ്യാഖ്യേയമായ ഒരു ദുഃഖത്തിന്റെ വേലിയേറ്റമുണ്ടാക്കുന്നു. മധുരമായ പാട്ട് അസ്വാസ്ഥ്യമുളവാക്കുകയോ? അതാണ് ദുഷ്യന്തനും ഈ കവിതയിലെ വക്താവിനും അത്ഭുതമുളവാക്കുന്നത്. എന്തുകൊണ്ട് എന്നു ചുഴിഞ്ഞാലോചിക്കുമ്പോൾ രണ്ടുപേരും എത്തിച്ചേരുന്നത് അവ്യക്തഗതകാലാനുഭൂതികളിലാണ്. ‘ഭാവസ്ഥിരമായ ജനനാന്തരസൗഹൃദത്തെ അബോധപൂർവ്വമായി ചേതസ്സുകൊണ്ടു സ്മരിക്കയായിരിക്കാം’ എന്നു ദുഷ്യന്ത്യൻ കരുതുന്നു. അദ്ദേഹത്തിന്റെ ചേതസ്സിനെ അസ്വസ്ഥമാക്കുന്ന സ്നേഹബന്ധം ജനനാന്തരത്തിലെയല്ല എന്നു നമുക്കറിയാം. ശാപഫലമായി ബോധമനസ്സിൽനിന്നു ശകുന്തളാസ്മരണ മാഞ്ഞുപോയിരിക്കുന്നെങ്കിലും അബോധമനസ്സിൽ അത് ‘കിരുകിരുപ്പു’ ണ്ടാക്കി

ക്കൊണ്ടിരിക്കുന്നു. അതുപോലെ ഈ കവിതയിലെ വക്താവിന്റെ ചേതസ്സിനെ അസ്വാസ്ഥമാക്കുന്ന സൗഹൃദബന്ധത്തിലെ നായിക ആതിഥേയിതന്നെയാണ്. ഗതകാലസ്മരണകൾ പുറമെനിന്നു പ്രക്ഷേപിക്കപ്പെടുന്ന സംഗീതം പോലെ അന്തരംഗത്തിലേക്കൊഴുകിയെത്തുന്നു. ആ സ്മരണകളോടു ബന്ധപ്പെട്ട ജീവിതരംഗങ്ങൾ അബോധക്കടലിന്റെ അടിത്തട്ടിൽനിന്നു ബോധമനസ്സിന്റെ മണൽത്തട്ടിലേക്കെറിയപ്പെടണമെന്നു വക്താവു സാധാരണയായി ഇച്ഛിക്കാറില്ല. സ്മരണ നഷ്ടബോധത്തെയും ദുഃഖത്തെയും അപരാധബോധത്തെയും ഉണർത്താൻ മാത്രമെ ഉപകരിക്കൂ. ഇന്നു നിയന്ത്രണാതീതമായി അവ മണൽത്തിട്ടയിലേക്ക് അടിച്ചുകയറ്റപ്പെട്ടിരിക്കുന്നു. അവ അവിടെയുളവാക്കുന്ന രേഖകൾ അക്ഷരവടിവിൽ പാട്ടിൽ അവതരിക്കുകയും അസ്വസ്ഥത യുണർത്തുകയും ചെയ്യുന്നു.



## അബോധസത്ത

കടൽ, തിരമാല, കടൽക്കരയിലെ മണൽപ്പരപ്പ്, ഇഴയുന്ന ലഘുജീവികൾ ഉളവാക്കുന്ന രേഖകൾ ഇവയെല്ലാം ചേർന്നു രൂപപ്പെടുത്തുന്ന കാവ്യാനുഭൂതിബിംബം സങ്കീർണ്ണവികാരവിചാര മിശ്രത്തെ വ്യഞ്ജിപ്പിക്കുന്നു. ബോധാബോധസാകല്യമായ ചേതസ്സ്, ഏകാന്തനിശീഥത്തിലെ വർഷഗീതം, ചില പഴയ ജീവിതരംഗങ്ങൾ എന്നിവയുൾപ്പെട്ട വർണ്ണ്യത്തിന്റെ അവസ്ഥാ വിശേഷത്തെ ധ്വനിപ്പിക്കാൻ ഉപമാനങ്ങളിലൂടെ പുതഞ്ഞുപോകുന്ന ഞണ്ടിന്റെ ഇമേജിലൂടെ എലിയറ്റ് അവതരിപ്പിച്ച അബോധസത്തയ്ക്കു ലഭിച്ച വിശ്വപ്രസിദ്ധിയെപ്പറ്റി ഇവിടെ ഓർക്കാതിരിക്കാൻ കഴിയുന്നില്ല. കാളിദാസന്റെയും എലിയറ്റിന്റെയും കല്പനകൾ ഇടശ്ശേരിയുടെ അബോധമനസ്സിന്റെ അന്തരാളങ്ങളിൽ പുതഞ്ഞുകിടപ്പുണ്ടാവാം. ഈ കവിതയെഴുതുമ്പോൾ അവ അദ്ദേഹത്തിന്റെ കല്പനാചിത്രങ്ങളിലേക്കു സ്വീയമായ ചില വർണ്ണക്കൂട്ടുകൾ സംഭാവനചെയ്തിട്ടുണ്ടെന്നും വരാം. നേരെമറിച്ച് ഈ കല്പനാചിത്രം രചിക്കുമ്പോൾ കാളിദാസനെയോ എലിയറ്റിനെയോ ഇടശ്ശേരി ഓർത്തിട്ടേയില്ലെന്നും വരാം. കാവ്യാനുശീലനാഭ്യാസാദികളിൽനിന്നു നാം നേടുന്ന സംസ്കാരം ഭക്ഷണപദാർത്ഥങ്ങളിൽനിന്നു സംഭരിക്കുന്ന ജീവശക്തിപോലെയാണ്. അതു രക്തത്തിൽ വിലയിക്കുന്നു. അതിനെക്കുറിച്ചുബോധമുണ്ടായാലുമില്ലെങ്കിലും സന്ദർഭമനുസരിച്ച് അതു ശരീരത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നു.

'ചേതസ്സ്', 'അസ്വാസ്ഥ്യം', 'മാധുര്യം' എന്ന മൂന്നു പദങ്ങൾതന്നെ ഇടശ്ശേരി പ്രയോഗിച്ചിട്ടുള്ളതുകൊണ്ട്,

'രമ്യാണി വീക്ഷ്യ മധുരാംശ്ച നിശമ്യ ശബ്ദാൻ
പര്യുത്സുകി ഭവതി യത് സുഖിതോപി ജന്തുഃ
തച്ചേതസാ സ്മരതി നൂനമബോധപൂർവം
ഭാവസ്ഥിരാണി ജനനാന്തരസൗഹൃദാനി'

എന്ന കാളിദാസപദ്യം അദ്ദേഹത്തിന്റെ ബോധമനസ്സിൽത്തന്നെ അനുരണനം ചെയ്തിരുന്നു എന്ന് ഊഹിക്കാം. കവി എലിയറ്റിന്റെ കല്പന അത്രത്തോളം ഓർമ്മിച്ചിട്ടുണ്ടാവണമെന്നില്ല. ഓർമ്മിച്ചാലുമില്ലെങ്കിലും ഒരു വസ്തുത ഇവിടെ ചൂണ്ടിക്കാണിക്കേണ്ടതുണ്ട് – ഇടശ്ശേരിയുടെ ഈ കല്പനാചിത്രം പരകീയമല്ല എന്ന വസ്തുത. ചെറുനാരങ്ങാനീരു കുടിച്ചവന്റെ രക്തത്തിലലിഞ്ഞു ചേർന്നുകഴിഞ്ഞ വിറ്റാമിൻ 'സി' രക്തത്തിലെ സത്തയാണ്; ചെറുനാരങ്ങയുടെ സ്വത്തല്ല. 'പരകീയാശയം' എന്നൊന്നില്ലെന്നാണോ പറഞ്ഞുകൊണ്ടുവരുന്നത്? എന്നു ചോദിക്കാം. അതല്ല. സ്വകവിതയുടെ രക്തത്തിലലിഞ്ഞു ചേരുകയും അതിന്റെ ആത്മാംശമെന്ന പ്രതീതി ജനിപ്പിക്കുകയും ചെയ്യാതെ വേറിട്ടുനില്ക്കുന്നവ പരകീയങ്ങൾതന്നെയായിരിക്കും. അവയ്ക്കു പൂർവ്വ ജന്മത്തെ മായ്ച്ചുകളയുന്ന രൂപാന്തരപ്രാപ്തിയുണ്ടാവുന്നില്ല. അത്തരം സന്ദർഭങ്ങളിൽ അപഹരണ ക്കുറ്റത്തിനു പ്രസക്തിയുണ്ടാവും. കാളിദാസകല്പനയിൽ ചേതസ്സും മധുരഗീതവും അവ്യാഖ്യേയമായ അസ്വാസ്ഥ്യവും ജനനാന്തരസങ്കല്പവും മാത്രമേയുള്ളു. കടലും തിരമാലയും ലഘുജീവികളും അവരുടെ അക്ഷരവടിവിലുള്ള ചലന രേഖകളും മറ്റുമില്ല. ഇവയുടെ സാന്നിദ്ധ്യം ഇടശ്ശേരിയുടെ കവിതയ്ക്കു തനതായ ഭാവബന്ധങ്ങളും ബന്ധുരവർണ്ണങ്ങളും നല്കുന്നു. അബോധമനസ്സെന്ന കടലും അതിന്റെ അടിത്തട്ടിലേക്കു താഴ്ന്നുപോകാൻ വിട്ടിരുന്ന ജീവിത ഖണ്ഡങ്ങളുമാണ് ഇപ്പോൾ ഈ സംഗീതത്തിരയടിയിലൂടെ ബോധത്തിന്റെ കരയിലേക്കടിയുന്നത്. 'സാക്ഷരമായ വിശിഷ്ട മൃദുഗാനം!' എന്നു തന്നെ തോന്നിപ്പോകുന്നു. സ്വന്തം അന്തരംഗത്തിൽനിന്നു തന്നെയാണ് അക്ഷരമായ (അനശ്വരമായ – കുഴിച്ചു മൂടിയാലും ജീർണ്ണിക്കാത്ത) സ്മരണകൾ പുറമേനിന്നു കേൾക്കുന്ന ഗാനംപോലെ പ്രക്ഷേപിക്കപ്പെടുന്നത്. ചേതസ്സിന്റെ ഈ സങ്കീർണ്ണാവസ്ഥ ധ്വനിപ്പിക്കാൻ കടൽത്തീരലഘുജീവി ചലനരേഖകളുടെ കല്പനാചിത്രം എത്രമാത്രം ഉതകുന്നു വെന്നു ചർവ്വണയിലൂടെത്തന്നെ അറിയേണ്ടിയിരിക്കുന്നു. കവിത സുഗന്ധമായ സുധപോലെ

അന്തരാത്മാവിലേക്കിറങ്ങിച്ചെന്ന് ആനന്ദിപ്പിക്കുന്നു; മണൽപ്പരപ്പിൽ വീണ വെള്ളംപോലെ വറ്റിപ്പോവുന്നില്ല എന്നും മറ്റും പൗരാണികർ വിവരിക്കുന്ന 'ആലോചനാമൃതത്വം'കൊണ്ട് അനുഗൃഹീതമായ ഇത്തരം കല്പനകൾ സന്ദർഭാനുസൃതമായി കൈവരുന്നവർ ഭാഗ്യവാന്മാർ; അവർക്കുള്ളതത്രേ കവിതയുടെ സ്വർഗ്ഗലോകം. കടലും തിരയും ഞണ്ടും കക്കയും അക്ഷര വടിവിൽ ജീവികളുളവാക്കുന്ന ചലനരേഖകളും മറ്റും കണ്ടിട്ടുള്ള ലക്ഷോപലക്ഷം മനുഷ്യരിൽ ഒരാളുടെ ഭാവനയ്ക്കു മാത്രമേ അവയെ സംഗീതത്തോടും ഉന്നിദ്രസ്മരണകളോടും ബന്ധിക്കുന്ന സാഹസികത, ഒരു തടയാനാവാത്ത 'കംപൾഷൻ' ആയിത്തീരുന്നുള്ളൂ. അബോധത്തിൽ നിന്നുയരുന്ന ഈ ഇമേജുകൾ കവിയെ ഇങ്ങോട്ടുവന്നാക്രമിച്ചുകീഴടക്കുകയാണ്. അവ ആശയസംവിധാനത്തെ നിയന്ത്രിക്കുന്നു. ഉചിതമായ ഉപമാനങ്ങളുടെ നിയന്ത്രണങ്ങൾക്കു വഴങ്ങിക്കൊടുക്കലാണ് ഇവിടെ സർഗ്ഗപ്രക്രിയ. വക്താവിന്റെ ഗതകാലസ്മരണകളുണരുന്നു. അത് ഉള്ളിൽ വീശുന്ന ഒരു കാറ്റാണ്. അപ്പോൾത്തന്നെ പുറത്തും ഒരു കാറ്റ്. മാവിൻചില്ലകളുലയുന്നു. മേഘശകലങ്ങൾ വാവലുകളുടെ രൂപത്തിൽ കൂട്ടംകൂട്ടമായി ചേക്കേറുകയാവുമോ? രാത്രിഞ്ചരരായ വാവലുകളും പെയ്യുന്ന മുകിലുമാണ് ഈ നിശീഥത്തിൽ ഉണർന്നിരിക്കുന്ന സത്തകൾ. അവയെപ്പോലെ സ്വചേതസ്സിൽ സ്മരണകൾ കുളിരുപെയ്യുന്നു.ചിറകിട്ടടിക്കുന്നു. കാമഭാവനകൾ ചേതസ്സിന്റെ ചില്ലകളെയെല്ലാം വല്ലാതെ ഉലയ്ക്കുന്നു. വീശുന്ന കാറ്റിന്റെ സത്തയിൽ ഒരു കാമുകനും നിശീഥിനിയിൽ ഒരു കാമിനിയും രൂപംകൊള്ളുന്നു. ഇപ്പോൾ കേൾക്കുന്നതു കാറ്റിന്റെ ശബ്ദമല്ല. പരിലാളനം ചെയ്യപ്പെടുന്നവളുടെ സീൽക്കാരമാണ്. കാറ്റ്, മരച്ചില്ലകൾ, രാപ്പക്ഷികൾ മുതലായവ അസ്വസ്ഥമായ കാമുകചേതസ്സിന്റെ അനാവരണം ചെയ്യുന്ന കാവ്യബിംബങ്ങളായിത്തീരുന്നു. അന്തരംഗാന്തരാളങ്ങളിൽനിന്നു പൊങ്ങുന്ന സ്മരണകൾ ഒട്ടിട നിന്ന ഗന്ധർവ്വഗീതമായി വീണ്ടും ആലപിക്കപ്പെടുകയായി.

''താളശ്രുതിലയ മേളമനോഹര-

താരസ്വരസുസ്ഫുടസാര'മാണ് ആ പാട്ട്. വക്താവ് അതിലൊരു തുള്ളിയും ചോർന്നു പോകാതെ ഉൾക്കൊള്ളാൻ വേണ്ടി അനങ്ങാതെ കിടക്കുന്നു. സാക്ഷരവിശിഷ്ട ഗീതത്തിന്റെ ആശയമിതാണ്:

'ഈ തറവാട്ടിൽ ഞാൻ നിത്യാതിഥിയെങ്കിലും അനാഹൂതനാണ്. അല്ലയോ ഗൃഹദേവതേ! കഥകൾ മുഴുവൻ നീ അറിഞ്ഞിട്ടില്ല. മാമരത്തിൽ മുല്ല പടർന്ന കാലം മുതലേ ഞാനിതിൽ വാസമുറപ്പിച്ചിരിക്കുന്നു. ഞങ്ങൾ, ഗന്ധർവ്വന്മാർ, വനവൃക്ഷനദീതീരക്ഷേത്രാങ്കണങ്ങൾ ആവാസ ഗേഹമാക്കുന്നവരാണല്ലോ. അന്നൊരു സന്ധ്യയ്ക്കു തുളസിത്തറയിൽ അന്തിത്തിരിവയ്ക്കാൻ ഒരു പാവാടക്കാരിയായിരുന്ന നീ വന്നതു ഞാനോർക്കുന്നു. നിന്റെ വിരലുകൾക്കിടയിലൂടെ അന്തിത്തിരിയുടെ അരുണപ്രഭ വീണ് അഭിരാമമായിത്തീർന്ന ആ ചവിട്ടുപടികൾ പോലും ഞാൻ കൃത്യമായി ഓർക്കുന്നു. പട്ടുപാവാടത്തുമ്പുകൊണ്ടു പാതിമറഞ്ഞ തുടുമലരടിവച്ച് ഇറങ്ങിവന്ന നിന്റെ ആ വരവു മറക്കാനാകുമോ? ഒരു നേർത്ത കഞ്ചുകമാണ് നീ അണിഞ്ഞിരുന്നത്, അതു പൂങ്കുല ('പര്യാപ്തപുഷ്പസ്തബകസ്താഢ്യാ') കൾക്ക് ഒരു മഞ്ഞിൻമറ മാത്രമായിരുന്നു. കൈയിലുള്ള ദീപത്തിന്റെ കതിരുകൾ നിന്റെ കവിളുകളിൽ കുങ്കുമശോണിമ പടർത്തി. ഞാൻ തൊഴുതു. അന്തിവിളക്കിനെയാണെന്നു നീ കരുതിയോ? ഞാൻ തൊഴുതത് ആ മുഴുസൗന്ദര്യ സുധാത്ധരിയെയാണ്. ആ ദിനങ്ങൾ പറന്നകന്നുപോയി. എന്നാൽ അവ ഇന്ന് എന്റെ മനസ്സിൽ വീണ്ടും ചേക്കേറുന്നു.' വക്തൃചേതസ്സിലെ കാമുകൻ തന്നെയാണ് ഈ ഗന്ധർവ്വനെന്ന് ഇനി എടുത്തുപറയേണ്ടതില്ല. ആറ്ററികിലും അമ്പലമുറ്റത്തും വൃക്ഷക്കാവുകളിലും മറ്റും ആണല്ലോ കാമം സങ്കേതം കുറിക്കുന്നത്. ഇവിടെ ഈ തറവാട്ടിലെ പുളിമാവിൽ ഈ കാമുകൻ അന്നേ കുടിയേറിയിരിക്കുന്നു. എന്നാൽ ഈ തറവാട്ടിൽ അയാൾ 'അനാഹൂത'നാണ്. പണം, പദവി, തറവാടിത്തപ്പൊങ്ങച്ചങ്ങൾ മുതലായവയിലേതെങ്കിലുമാവാം വക്താവിന് ആ തറവാട്ടിലെ ദേവതയുടെ കൈപിടിക്കാനുള്ള അർഹത നിഷേധിച്ചത്.

'ഇത്തറവാടിത്തഘോഷണത്തെപ്പോലെ
വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ!'
(കറുത്തചെട്ടിച്ചികൾ)

തറവാടിത്തവും പഴയ പ്രതാപവും തന്റെ വഴി മുടക്കിയതും പിന്തിരിയിച്ചതും ഓർക്കുന്ന വക്താവിന്റെ ചിന്തകളിൽ പല്ലക്കിലിരിക്കുന്ന പ്രതാപവാന്മാരും, ചുമട്ടുകാരും എത്തിനോക്കുന്നു.

'കാറ്റുകൾ മൂളിയിരമ്പിവരുന്നു-
ണ്ടൊട്ടിളവേകിയ തോളുകളിൽ
വീണ്ടും മഴയുടെ പല്ലക്കേന്തി-
ക്കൊണ്ടു പുഴക്കരയതിലൂടെ.' മഴയിൽ പ്രതാപിയായ തറവാട്ടുകാരണവരുടെയും

കാറ്റുകളിൽ ചുമട്ടുകാരുടെയും രൂപങ്ങൾ തെളിയുന്നു. കാറ്റും മഴയും ഒട്ടിട നിന്നതു ചുമട്ടുകാരുടെ തോളുകൾക്കു തെല്ല് ഇളവിനു (വിശ്രമത്തിന്) വേണ്ടിയുള്ള ഇടവേളയെ ഓർമ്മിപ്പിക്കുന്നു. ചുമട്ടുകാർ വീണ്ടും മൂളിക്കൊണ്ടു നീങ്ങിത്തുടങ്ങി. പഴയ പല്ലക്കുചുമട്ടുകാരുടെ 'മൂളലു'കൾ കേട്ടിട്ടുള്ളവർക്കേ കാറ്റിന്റെ 'മൂളലിൽ' അതു പ്രതിധ്വനിപ്പിക്കുന്ന ശാബ്ദബിംബ കല്പനയുടെ സൗന്ദര്യമറിയാൻ കഴിയൂ. കുറച്ചു മുമ്പ് കാറ്റിൽ കാമുകനെ കാണുകയും ശബ്ദത്തിൽ നിശീഥിനിയുടെ സീൽക്കാരം കേൾക്കുകയും ചെയ്ത ഭാവന ഇപ്പോൾ കാറ്റിൽ പല്ലക്കുചുമട്ടുകാരെ കാണുന്നു; ശബ്ദത്തിൽ അവരുടെ മൂളൽ കേൾക്കുന്നു. ചേതസ്സിന്റെ അനുഭൂതിതലത്തിൽ വരുന്ന പരിണിതി തന്നെയാണ് ഈ രൂപഭാവാന്തരങ്ങളുളവാക്കുന്നത്. ഇന്നത്തെ ഗൃഹദേവത കൗമാര ദശയിലായിരിക്കുമ്പോൾ പ്രതാപക്കാരായിരുന്ന ആ തറവാട്ടുകാരുടെ 'അവസ്ഥ' ധ്വനിപ്പിക്കാൻ 'കാറ്റും മഴയും'തന്നെ ഉപകരണങ്ങളാവുന്നു. ഒരേ വസ്തു വ്യത്യസ്തഭാവബന്ധങ്ങൾക്കുള്ള ആലംബനവിഭാവങ്ങളായിത്തീരുമല്ലോ മാന്ത്രികവിദ്യയറിയുന്ന കവിയുടെ കൈയിൽ. ഒരേ ചെപ്പും പന്തുംകൊണ്ട് അനേകം വിദ്യകൾ കാട്ടുന്ന മജീഷ്യനാണ് കവി. അനുഭൂതിയുടെയും ചിന്തയുടെയും ഗതിയനുസരിച്ച് കാറ്റിന് ഈ നിമിഷം കാമുകന്റെ ഛായയും അടുത്തനിമിഷം അമാലന്റെ ഛായയും ഇണങ്ങിച്ചേരുന്നു. അവളുടെ തറവാട്ടുമഹിമകളും കാമുകന്റെ മൊട്ടിട്ട പ്രേമം വിരിയാതെ വീർപ്പുമുട്ടിക്കൊഴിഞ്ഞു വീണതുമെല്ലാം ഇമേജുകളുടെ രൂപാന്തരപ്രാപ്തിയിൽ വ്യഞ്ജിക്കുന്നു. ഒരിക്കലും പ്രകാശപ്പെട്ടിട്ടില്ലാത്ത അഭിലാഷങ്ങളുടെ കഥ ഇപ്പോഴും നിഗൂഢമായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. എന്നിട്ടും ആ അമാലന്മാരുടെ അനക്ഷരമായ മൂളലുകൾ നമ്മോട് എല്ലാ കഥകളും പറയുന്നു. വെള്ളിനക്ഷത്രത്തിന്റെയും പുൽക്കൊടിയുടെയും കഥ.

## സ്വപ്നിലസങ്കല്പങ്ങൾ

മുറ്റത്തെ പുളിമാവിൽ ആവസിക്കുന്ന ഗന്ധർവൻ എന്നു കാമുകസത്തയെ വിവരിച്ചതിനുള്ള അർത്ഥവ്യാപ്തി ക്രമേണ വ്യക്തമാകുന്നു. അയാളെ ആരും കാണുന്നില്ല. അയാൾ എല്ലാം കാണുന്നു. വക്താവ് ആ ഗൃഹത്തിൽ 'നിത്യാതിഥി'യാണ്. ഒരു എളിയ അയല്ക്കാരനെന്നനിലയ്ക്ക് എപ്പോഴുംവന്നുപോകാനുള്ള സ്വാതന്ത്ര്യം അയാൾക്കുണ്ടെന്നു കല്പിച്ചാൽ മതി. തരുണനും ലീലോലുപനുമായ ഒരുവൻ യഥാകാലം വന്ന് അവളുടെ പുടവകൊട കഴിഞ്ഞു. എങ്കിലും പഴയ കാമുകൻ അവളുടെ മാദകലാവണ്യത്തെക്കുറിച്ചുള്ള സ്വപ്നിലസങ്കല്പങ്ങൾ ഉപേക്ഷിക്കാനശക്തനാണ്. താൻ വീടില്ലാത്തവനും (അനോകൻ) അനർഹനുമായിരിക്കാം. എങ്കിലും പര്യാപ്തപുഷ്പസ്തബക സൗന്ദര്യം മറക്കാൻ തന്നിലുള്ള രസജ്ഞനു കഴിയുകയില്ല. ഒരുനാൾ 'മഞ്ഞിൻമറ' കൂടാതെതന്നെ അതു കാണാനുമിടവന്നു. അവൾ കുളികഴിഞ്ഞീറൻ മാറാൻ മണിയറയിലേക്കെത്തി. ചാരിയ വാതിൽ തുറന്ന് അവിടേക്കു പാളിവരുന്നു, അപ്പോൾ മണവാളൻ. സാരിയുടുത്തിരുന്നില്ല. കഞ്ചുകം പോലുമില്ല. നാണത്താൽ ഇളകാനേ വയ്യാതെ നിന്നുപോയ അവളുടെ പ്രതിരൂപം ആൾക്കണ്ണാടിയിൽ. ജനലിലൂടെ അതു ഗന്ധർവൻ കാണുന്നു. 'നിത്യാതിഥി'യായ കാമുകൻ. ആരും കഥയറിയുന്നില്ല. ഒരു 'മുകിൽമുറിമാത്രം ചാർത്തിയ പുലരിപോലെ' നിന്ന അവളുടെ രൂപം ഗന്ധർവ്വന്റെ മനസ്സിൽ പതിഞ്ഞു. ഒരിക്കലും മായാത്ത സ്മരണ. ഇന്നും ആ സ്മരണ അയാളെ പുളകിതനാക്കുന്നു; ഇക്കിളികൊള്ളിക്കുന്നു. ഓർമ്മയാൽ ഇക്കിളിപൂണ്ട വക്താവ് അതു കാറ്റിൽതൂവാലടിച്ചതുകൊണ്ടാണെന്നു ഭാവിച്ചു ചുടുപുതപ്പിൽ ഒന്നുകൂടി ചുരുളുന്നു. ആ സ്മരണ മാഞ്ഞുകൂടാ, മറഞ്ഞുകൂടാ. സങ്കല്പസംഗമസുഖാനുഭൂതിക്ക് ആലംബം ആ സ്മരണയുടെ കളമധുഗീതമാണ്. അതിലൊരു തുള്ളിപോലും തുളുമ്പിപ്പോകരുതെന്നോർത്ത് അയാൾ ഇളകാതെ കിടക്കുന്നു.'പിന്നീടെന്തുണ്ടായി അവരുടെ ബന്ധമുലയാൻ? എന്തുകൊണ്ട് ആൺകിളി പറന്നുപോയി?' ആർക്കറിയാം! കുലീനകളുടെ മനോരഹസ്യങ്ങൾ അവർ കാറ്റത്തിടുകയില്ലല്ലോ. അതിനെപ്പറ്റി ഊഹിക്കാനേ കഴിയൂ. വള്ളിക്കുടിൽതോറും നിറഞ്ഞ കണ്ണുകളോടെ അലഞ്ഞന്വേഷിക്കുന്ന പെൺകിളിയെപ്പോലെ അവൾ ദയനീയദൃശ്യയായി. പൂവിനെ വിട്ടു ഭ്രാന്തനെപ്പോലെ ഓടിയകലുന്ന പൂമ്പാറ്റയുടെ മനോഗതമെന്തെന്നാർക്കറിയാം? സൗരഭ്യമാസ്വദിക്കുമ്പോഴോ പരിമൃദുചാരുദലം നുകരുമ്പോഴോ പൂമ്പൊടി പുരണ്ട കഴൽ അമരുമ്പോളോ, പൂവ് ആകമ്പിതയായെന്നുവരുമോ? അതോ പൂവിന്റെ തണ്ടിലുള്ള മുള്ള് അവന്റെ ചിറകിൽ തടഞ്ഞെന്നുവരുമോ?' ഈ കല്പനകൾ രണ്ടു വ്യക്തികൾ തമ്മിലുണ്ടാകാവുന്ന പൊരുത്തക്കേടിന്റെ ശാരീരികതലങ്ങൾ ധ്വനിപ്പിക്കുന്നു. പൂവിന്റെ തണ്ടിലുള്ള 'ചെറുമുള്ള്' പൊരുത്തക്കേടുകളാവാം; നുണക്കഥകളാവാം. ഏതായാലും അയാൾ തനിക്കു കിട്ടിയ നിധിയുടെ മഹത്ത്വമറിയാൻ കഴിവില്ലാത്തവനായിപ്പോയി. അവളാകട്ടെ സ്ഥിരസ്നേഹത്തോടെ കാത്തിരുന്നു കാലംകഴിച്ചു.

ഈ പരിണതിയെക്കുറിച്ചുള്ള ചിന്ത അവളുടെ പൂർവാരാധകനെ 'അന്യഥാവൃത്തി ചേതസ്സാ'ക്കുന്നു. കോടക്കാറ്റും പേമഴയും തകർത്തിട്ടും അയാൾ വിയർക്കുന്നു.

'ഭർത്താവു വിട്ടുപോയതിനുശേഷമുള്ള അവളുടെ ജീവിതത്തിന്റെ ശോച്യതയെക്കുറിച്ചു തന്നെ ആരാധകൻ പേർത്തും പേർത്തും ഓർത്തു നോക്കുന്നു. കുളിക്കാൻ പോയാൽ മുങ്ങാതെ മുടി തോർത്തിക്കെട്ടിയിടുന്ന നായികയെ താളിയെടുത്തുകൊണ്ടുവരുന്ന ദാസി സംഭ്രമത്തോടെ നോക്കി. കുളിയിലെന്നല്ല ഭക്ഷണത്തിലുമില്ല ശ്രദ്ധയെന്നായി. ദിനംപ്രതി ക്ഷീണിച്ചുവന്നു. ദഹനക്കേട്, പനി, എന്നൊക്കെ പറഞ്ഞു ഭക്ഷണമുപേക്ഷിച്ചു ചടച്ചുപോയി.'

വിണ്ണിന്റെ കണ്ണീരുറവും വറ്റുന്നില്ല. നഷ്ടപ്പെട്ട കാമുകൻ സമ്മാനിച്ചിരുന്ന തൂവാലകളായിരിക്കുമോ കാറ്റുകൾ? അവകൊണ്ടു തുടയ്ക്കുമ്പോൾ വീണ്ടും കണ്ണീരുറവു തുറക്കുന്നു. ബാഹ്യപ്രകൃതിയിൽ നായികയുടെ ഈ അവസ്ഥാവിശേഷം പ്രതിഫലിക്കുന്നതായി തോന്നുന്നതോടെ ഉറക്കം വക്താവിനെ തീരെ വിട്ടകലുന്നു. മഴയുടെ താളവും സ്മരണയുടെ ഗന്ധർവഗീതവും മുറുകുന്നു. ആ ഗീതം വേദനയുടെ മാധുര്യലഹരി തൂകുന്നു.

'ഉത്തരായനകാലം വന്നു. തടിനീതടവിടപങ്ങൾ കടപറിഞ്ഞു വീണു. കാലപ്രവാഹത്തിൽ തറവാട്ടിന്റെ നായകരും വീണൊലിച്ചു പോയി. അവളെച്ചൊല്ലി കരഞ്ഞിരുന്ന അച്ഛനമ്മമാർ ഇനി ആരെപ്പറ്റിയും ദുഃഖിക്കുകയില്ല. അവളുടെ മനസ്സും പ്രതീക്ഷകൾ വെടിഞ്ഞുകഴിഞ്ഞിരിക്കാം. പടിപ്പുരവാതിലിലേക്കുള്ള നോട്ടങ്ങൾ പിൻവലിഞ്ഞു. ഒരു കാൽപ്പെരുമാറ്റത്തിനുവേണ്ടി ചെവിയോർത്തുകൊണ്ടേയിരിക്കുക എന്ന ശീലവും മാഞ്ഞു. അവളുടെ വിയോഗവ്യഥ വിസ്മൃത കഥയായി. അവളെ അന്വേഷിച്ചു നവകാമുകരെത്തിയാൽ ലോകർ അത്ഭുതംകൂറുകയില്ല എന്നായി. അങ്ങനെ ചിലർ ഭാഗ്യംപരീക്ഷിക്കാതിരുന്നില്ല. ദാസികൾ ആകാംക്ഷയോടെ പുതിയ 'വരണം' കാത്തുനിന്നു. പക്ഷേ, ഒന്നും സംഭവിച്ചില്ല. അവൾ ആഗതരോടു നീരസം കാട്ടിയില്ല. കളിവാക്കുകൾ പറഞ്ഞില്ലെന്നുമില്ല. എന്നാൽ അതിർത്തികടക്കാൻ ആരെയും അനുവദിച്ചില്ല. നിഗൂഢമായ ഒരഴലുകൊണ്ടു മന്നിന്റെ മുഖം മങ്ങുമ്പോൾ അവൾ ഉദാസീനയാവുന്നു. അവളുടെ ഹൃദയസത്യം കണ്ടറിയുന്ന ഗന്ധർവചിത്തം അവൾക്കുവേണ്ടി വ്യഥിതമാവുന്നു. വിധുരയായ അവളോട് ഇണക്കിളി എങ്ങുപോയി, എന്തുകൊണ്ടു പോയി എന്നല്ലാതെ മറ്റൊന്നും ചോദിക്കാനുള്ള ധൈര്യം ഇല്ലാതാവുന്നു......ഏകാകിനിയും യുവതിയുമായ സുന്ദരിയെപ്പറ്റി അകലെനിന്നു നോക്കുന്ന ലോകം എന്തു പറയും?

'നാരിയെ ദുഷിപ്പിച്ചുകാണിക്കാൻ വെളിച്ചത്തിൻ നാവുമാഗ്രഹിക്കും.' സുപരിചിതയായ കുലീനനായികയെ സന്ദർശിക്കാനെത്തിയ പഴയ ആരാധകൻ പോലും മറ്റൊരു പെരുമാറ്റമാണല്ലോ പ്രതീക്ഷിച്ചത്. അയാൾക്ക് ആദ്യം തോന്നിയ ജാള്യം സഹാനുഭൂതിയിലും വിജൃംഭിതമായ സമാദരത്തിലും മുങ്ങിപ്പോകുന്നു.

'നീയെന്തശ്രു തുളുമ്പിത്തിരിവൂ
ശൂന്യകുഞ്ജപ്രതികുഞ്ജം?'

ആദരനിർഭരമായ സഹാനുഭൂതി മാത്രമേ ഗന്ധർവന്റെ ചോദ്യത്തിൽ അവശേഷിക്കുന്നുള്ളൂ.

'മറ്റു പൂച്ചെടി ചെന്നു തിന്നാനെൻ
കൊറ്റനാടിനുണ്ടിപ്പഴേ മോഹം'
(കുടിയൊഴിക്കൽ)

എന്നു കുമ്പസാരിക്കുന്ന പുരുഷസത്ത ഒരു തരുവിൽനിന്ന് അടർത്തി മാറ്റപ്പെട്ടാൽ മറ്റൊന്നിലും പടർന്നേറ്റുകയില്ലെന്നു ശഠിക്കുന്ന സ്ത്രീസത്തയുടെ മുന്നിൽ അഭിഭൂതമായിപ്പോകുന്നു. കാമഭാവനകളുടെ ഉദ്ദാമത്വം എത്ര ശക്തിമത്തായിരുന്നു എന്നു വ്യക്തമാക്കാതെ ഈ അഭിഭൂതിയുടെ ആഴം അനുഭവപ്പെടുത്തിത്തരാൻ കഴിയുകയില്ലല്ലോ. ഏകാകിനിയായ ഒരു യുവസുന്ദരിയുടെ വീട്ടിൽ ഉമ്മറത്തു മഴയുടെ പാട്ടുകേട്ട് ഉറങ്ങാനാകാതെ കിടക്കുന്ന ഒരുവന്റെ കാമഭാവനകൾ ഇഴവിടുർത്തിക്കാണിക്കുമ്പോൾ അത് അംഗീകൃതസംസ്കാരസീമകളെ ലംഘിക്കാത്തവിധം ധ്വന്യാത്മകമാക്കണമെന്നതിലാണ് കവിയുടെ നിഷ്കർഷ. വസ്തുഭാവങ്ങൾക്കു കലാത്മകസൗന്ദര്യം തികയണമെങ്കിൽ അവ ധ്വന്യാത്മകമാവണം. ഭാവങ്ങൾ ധ്വനിക്കുമ്പോൾ അവ വൈയക്തികതലത്തിൽനിന്നുയർന്ന് സാധാരണീകൃതമാകുന്നുവെന്നു മുമ്പേ വ്യക്തമാക്കിയല്ലോ.

കാമഭാവനകളെ കേവലരതിയിലേക്കുയർത്തുന്ന കലാവിദ്യയിൽ കാവ്യബിംബങ്ങൾ വഹിക്കുന്ന പങ്കുവിപുലമാണ്, മേഘസന്ദേശംപോലുള്ള ഭാവകാവ്യങ്ങളിൽ. ഈ കൊച്ചു കവിതയുടെ രചനയിൽ ബിംബസംവിധാനത്തെ സംബന്ധിച്ചിടത്തോളം ആ പഴയ മാതൃക കവിക്കു വഴികാട്ടിയിട്ടുണ്ട്. ഈ ഗന്ധർവ്വൻതന്നെ യക്ഷന്റെ സഹജാതനാണ്. സാഹചര്യങ്ങൾ വ്യത്യസ്തങ്ങളാണെങ്കിലും കാമജന്യമായ അന്തഃപീഡ സമാനമാണ്. അവിടെ ഒരു വലിയ ഭൂഖണ്ഡത്തിന്റെ അകലമുണ്ടു വ്യക്തികൾ തമ്മിൽ. എങ്കിലും അവർ മനസ്സുകൊണ്ടൊന്നാണ്. ഇവിടെ അടഞ്ഞ വാതിൽ മാത്രമാണവരെ അകറ്റുന്നത്. ഒരു പക്ഷേ, ഒരു ചുമരിന്റെ അകലംമാത്രം. എങ്കിലും അവർ രണ്ടു ലോകത്തിലാണ്. മനസ്സിന്റെ അകലം എന്ന തിക്തസത്യം അയാൾക്കു വേദനയോടെ

വിഴുങ്ങേണ്ടിവരുന്നു. യക്ഷന്റെ ശാപത്തിന് ഒരിക്കൽ മോചനമുണ്ട്. ഈ ഗന്ധർവ്വന്റെ ശപ്തതയ്ക്കു മോചനമില്ല. ആർനിമിത്തം ആ അവസ്ഥയുളവാകുന്നുവോ അവൾ ദ്വേഷപാത്രമാവുന്നില്ല. ആദരവും അനുകമ്പയും നേടുന്നതേയുള്ളു. ഇപ്രകാരം സങ്കീർണ്ണവും സംഘർഷാത്മകവുമായ ഒരു വൈകാരികാവസ്ഥയെ കവിക്കു വാങ്മയത്തിൽ തളച്ചിടേണ്ടിയിരിക്കുന്നു. പാട്ടു തുടങ്ങുമ്പോൾ ഗന്ധർവന്റെ അന്തഃപീഡ സ്വന്തം ശോച്യതയായിരിക്കെ അതു നിലയ്ക്കുമ്പോൾ അയാളുടെ ദുഃഖം, ആർനിമിത്തം താൻ പീഡയനുഭവിക്കുന്നുവോ അവളുടെ വ്യഥയെച്ചൊല്ലി യുള്ളതായി മാറുന്നു. 'അഹം' മായുന്നു. അതു സ്നേഹഭാജത്തിന്റെ സത്തയിൽ വിലയിക്കുന്നു. സ്വദുഃഖം മായുകയും നിർവ്യാജമായി സ്നേഹിക്കപ്പെടുന്ന വ്യക്തിയുടെ ദുഃഖത്തിൽ സ്വയം അലിഞ്ഞുചേരുകയും ചെയ്യുന്ന അവസ്ഥ മാനവാസ്തിത്വത്തിന്റെ ഏറ്റവും ഉദാത്തമായ ഭാവങ്ങളിലൊന്നാണ്. അതു സംസ്കാര പാരമ്യമാണ്, ഏറെ താപവും മർദ്ദവും ഏല്പിക്കപ്പെടുന്ന കൽക്കരി വൈരമായി പരിണമിക്കുംപോലുള്ള ഒരു ആത്മീയപരിണാമമാണിത്. കാമത്തിന്റെ കൽക്കരി നിസ്സ്വാർത്ഥപ്രേമത്തിന്റെ വൈരമായിത്തീരുന്ന പ്രക്രിയകൊണ്ട്, ഈ ' ഗന്ധർവൻപാട്ട്' ഉദാത്തവും മഹത്ത്വപൂർണ്ണവുമായിത്തീർന്നിരിക്കുന്നു.

ഭാഷാപോഷിണി – ജൂലൈ 1984
കവിതാധ്വനി